ഉത്തരം

(എ) ഉണ്ട്. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, താത്ക്കാലിക അഭയം, അടിയന്തരഘട്ടങ്ങളിൽ നിയമസഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള സഹായ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, മലപ്പുറം) പൈലറ്റ് അടിസ്ഥാനത്തിൽ സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. വയനാട്, ഇടുക്കി ജില്ലയിൽ കൂടി സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

(ബി) അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമാണ് ഈ സംരംഭത്തിന്റെ സഹായം ലഭ്യമാകുന്നത്.

(സി) മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുവരുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമസം, സ്ഥലങ്ങൾ - സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ) ഉപജീവനം - അതിജീവനം - സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവീസ് സെന്ററായി പ്രവർത്തിക്കുക, ഹ്രസ്വമായ താമസസൗകര്യം, ആവശ്യമായ നിയമോപദേശം, കൗൺസിലിംഗ് എന്നിവയാണ് ഇപ്പോൾ 'സ്നേഹിത' സംരംഭം വഴി നൽകുന്ന സൗകര്യങ്ങൾ.

പുനർവിന്യാസം വഴി തദ്ദേശഭരണ വകുപ്പിൽ ടൈപ്പിസ്റ്റ്

256 (3543) ശ്രീമതി പി. അയിഷാ പോറ്റി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിൽനിന്നും പുനർവിന്യാസം വഴി എത്രപേർ തദ്ദേശ ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ ടൈപ്പിസ്റ്റ് തസ്തികകളിൽ നിയമിതരായിട്ടുണ്ട് ;

(ബി) പ്രസ്തുത ജീവനക്കാരെ സർക്കാർ തീരുമാനപ്രകാരം മാതൃവകുപ്പിലേക്ക് തിരിച്ചയച്ചതിനാൽ എത്ര ഒഴിവുകൾ നാളിതുവരെ PSC- ക്ക് റിപ്പോർട്ട ചെയ്തിട്ടുണ്ട് ; മുഴുവൻ ഒഴിവും PSC- ക്ക് റിപ്പോർട്ട ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ അവശേഷിക്കുന്ന ടൈപ്പിസ്റ്റ് ഒഴിവുകൾ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളായി ഡൗൺ ഗ്രേഡ് ചെയ്ത് ഒഴിവുകൾ PSC -ക്ക് റിപ്പോർട്ട ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിൽനിന്നും പുനർവിന്യാസം വഴി 65 പേർ തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിംഗിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിതരായിട്ടുണ്ട്.

(ബി) തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിംഗിൽ നാളിതുവരെ 70 ടൈപ്പിസ്റ്റ് ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിംഗിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കൂടുതൽ പരിശോധന ആവശ്യമാണ്.

ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി

257 (3544) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ച എല്ലാ വീടുകൾക്കും ധനസഹായം വിതരണം ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്ക് ധനസഹായം അനുവദിച്ചുവെന്നും ; എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) പൂർത്തിയാക്കിയിട്ടില്ല. മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം കരാർ വച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ ഭവന നിർമ്മാണം 31-3-2015- ന് മുമ്പായി പൂർത്തികരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന തുക അടിയന്തിരമായി ചെലവഴിക്കുന്നതിനും, പ്രസ്തുത തുക ഉപയോഗിച്ച് എല്ലാ ഗഡുക്കളും കൊടുത്ത്